300

# പൊതു വിദ്യാഭ്യാസ വകുപ്പ്
## അർദ്ധ വാർഷിക മൂല്യനിർണയം 2011-12
## മലയാളം

കേരള പാഠാവലി — സമയം 11/2 മണിക്കൂർ

**പത്താംതരം** — സ്കോർ 40

നിർദേശങ്ങൾ

- ആകെ 11 ചോദ്യങ്ങളാണുള്ളത്.
- 3 മുതൽ 9 വരെയുള്ള ഏഴ് ചോദ്യങ്ങളിൽ ഏതെങ്കിലും ആറെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോറും സമയവും പരിഗണിക്കണം.
- സമാശ്വാസ സമയം ചോദ്യം വായിച്ച് മനസ്സിലാക്കാൻ ഉപയോഗപ്പെടുത്തണം.

1.

"പെട്ടെന്നുപേക്ഷിച്ചു പൊയ്ക്കൊണ്ടതെങ്ങു നീ
പൊട്ടുന്നിതെന്മനം കണ്ടിതെല്ലാമഹോ?"

'ഗാന്ധാരിയുടെ ഹൃദയം പിളർക്കുന്ന വേദന' ആവിഷ്ക്കരിക്കുവാൻ കവി സ്വീകരിച്ച രചനാതന്ത്രങ്ങൾ കണ്ടെത്തി എഴുതുക. *(സ്കോർ 2)*

2.

ഉതുപ്പാന്റെ കിണർ നികത്തണം.
ഉതുപ്പാന്റെ കിണറും നികത്തണം.

- രണ്ടാമത്തെ വാക്യത്തിൽ ഉം ചേർത്തപ്പോഴുള്ള അർത്ഥവ്യത്യാസം കുറിക്കുക. *(സ്കോർ 2)*

3 മുതൽ 9 വരെയുള്ള ഏഴ് ചോദ്യങ്ങളിൽ ഏതെങ്കിലും ആറെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

3.

- ഇവനെന്തു പ്രാന്താണെന്ന് ചിലർ പറഞ്ഞു.
- വല്ല നിധിയും കിട്ടുമെന്നുവച്ചാ പാവം പാടുപെടുന്നത്.
- തെമ്മാടി! വഴിയുടെ വക്കിലൊരു കിണർ കുഴിച്ചിട്ടിരിക്കുന്നു. പശുവിനെ അഴിച്ചുവിട്ടാൽ കൂടെക്കൂടെ നോക്കണെ പിള്ളാരെ!

ഉതുപ്പാന്റെ പ്രവൃത്തിയോടുള്ള സമൂഹത്തിന്റെ പ്രതികരണങ്ങളാണിത്.

എന്നും നന്മ ചെയ്യുന്നവർക്ക് കിട്ടുന്ന പാരിതോഷികങ്ങളാണ് ഇത്തരം പ്രതികരണങ്ങൾ.

- ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? കഥയിലെ മറ്റു സന്ദർഭങ്ങൾ കൂടി കണ്ടെത്തി നിങ്ങളുടെ അഭിപ്രായം കുറിപ്പായി എഴുതുക. *(സ്കോർ 4)*

4.

"അതൊന്നും നടക്കുമെന്നു തോന്നുന്നില്ല. എന്തിനാ ഈ അവധി തരുന്നതെന്നറിയാമോ? വീടുകാണാനാണ്; എല്ലാം കണ്ടിട്ടു പോരണം. ഇനിയും യോഗമുണ്ടെങ്കിലേ അമ്മയേയും മക്കളേയും ഒക്കെ കാണാനൊക്കൂ. നമ്മെ യുദ്ധത്തിനയയ്ക്കാൻ പോവുകയാണ്".

- പട്ടാളക്കാരുടെ ജീവിതത്തിലെ അരക്ഷിതാവസ്ഥ ഈ സംഭാഷണം വെളിപ്പെടുത്തുന്നുണ്ടോ? പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക. *(സ്കോർ 4)*

5.

"ആ കൈക്കുഞ്ഞിന്റെ നേർക്ക് ആയിടെ ജനിച്ച അഭിമന്യുപുത്രന്റെ നേർക്കെന്ന പോലെ മനസ്സു തെളിയേണമേ എന്ന് അവൾ കേണപേക്ഷിച്ചു."

- 'അഭിമന്യു പുത്രന്റെ നേർക്കെന്നപോലെ' എന്ന പരാമർശം അർജുനനിൽ ഉണർത്തിയ വിചാരവികാരങ്ങൾ എന്തൊക്കെയാവാം? കുറിപ്പു തയാറാക്കുക. *(സ്കോർ 4)*

6.

'പട്ടണമോടിക്കിതച്ചെന്റെ വാതിലിൽ വന്നുമുട്ടി.'
'ജീപ്പിൽ നിന്നിറങ്ങുന്നു നഗരം വീണ്ടും.' **- അടുത്തൂൺ**

- കവിതയിലെ ഈ പ്രയോഗങ്ങൾ നഗരജീവിതത്തെ എങ്ങനെയെല്ലാം ധ്വനിപ്പിക്കുന്നു? *(സ്കോർ 4)*

7.

"അല്ലേ! ഘടോൽക്കചനായ ഭീമാത്മജ-
നല്ലോ കിടക്കുന്നതങ്ങതിനപ്പുറം
നീലമല പോലെ കർണൻ പ്രയോഗിച്ച
വേലും തറച്ചവൻ കാലൻപുരി പൂക്കാൻ." **- ഗാന്ധാരീവിലാപം**

- ഘടോൽക്കചനെ വർണിക്കുമ്പോൾ കവി ഉപയോഗിക്കുന്ന സാദൃശ്യ കല്പന ഈ കാവ്യ ഭാഗത്തിന് എത്രമാത്രം ഭംഗി വർധിപ്പിക്കുന്നുണ്ട്. കണ്ടെത്തി കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

8.

കിണർ അടിവരെ താഴ്ന്നതോടെ ഉതുപ്പാന്റെ മടിശ്ശീലയുടെ നെല്ലിപ്പലകയും കണ്ടു.

'നെല്ലിപ്പലക കാണുക' എന്ന ശൈലി വാക്യത്തിനു നൽകിയ അർത്ഥഭംഗി വിശദീകരിച്ച് കുറിപ്പുതയാറാക്കുക. *(സ്കോർ 4)*

9.

"...ഉള്ളിൽ കൊടും തീയാളിടും
ധരിത്രിയെപ്പോലെ തണുത്തിരുണ്ടവൾ."

- സ്ത്രീയെക്കുറിച്ചുള്ള കവയിത്രിയുടെ ഒരു നിരീക്ഷണമാണിത്. സ്ത്രീയവസ്ഥയുമായി ബന്ധിപ്പിച്ചുകൊണ്ട് ഈ നിരീക്ഷണം എത്രത്തോളം പ്രസക്തമാണെന്ന് കണ്ടെത്തി കുറിപ്പു തയാറാക്കുക. *(സ്കോർ 4)*

10.

"യുദ്ധത്തെക്കുറിച്ചെഴുതിയ മഹാകാവ്യങ്ങളെല്ലാം യുദ്ധവിരുദ്ധ കൃതികൾ കൂടി യാണ്".

- ഗാന്ധാരീവിലാപം, അർജുനവിഷാദയോഗം എന്നീ പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി ലഘൂപന്യാസം തയാറാക്കുക. *(സ്കോർ 6)*

11.

'വായനക്കാരന്റെ മനസ്സിൽ വികാരം ജനിപ്പിക്കാൻ സാഹിത്യകൃതികൾക്കു സാധിക്കണം.' **- കേസരി ബാലകൃഷ്ണപിള്ള**

- കേസരിയുടെ അഭിപ്രായം താഴെ കൊടുത്തിരിക്കുന്ന കാവ്യഭാഗവുമായി ബന്ധപ്പെടുത്തി വിലയിരുത്തുക.

"ആതിഥേയനാം കൃഷിക്കാരന്റെ ചൂടുള്ളതാ-
മാദരസൗഹൃദങ്ങളോട്ടുകിണ്ണത്തിന്നുള്ളിൽ

കഞ്ഞിയായ് നിറഞ്ഞപ്പോൾ പശിയാർന്നതു മോന്തി,
പിഞ്ഞിയ മെത്തപ്പായിൽ ശയിച്ചിട്ടുണർന്നേറ്റു

പാടത്തിൻവക്കിലുള്ള കിണറ്റിൻ തെളിവെള്ളം
'ത്ലായ' യിൽ തേവിത്തേവിക്കുളിച്ചു സന്തുഷ്ടനായ്

വണ്ടിക്കു കാശില്ലാതെ, മകരക്കൊയ്ത്തു തീർന്ന
കണ്ടത്തിൽക്കൂടി, പാർശ്വനഗരം പ്രാപിക്കുവാൻ

മദിച്ച മലനാടൻ വേനലിൻ മാറിൽക്കേറി-
ക്കുതിച്ചു നടന്നൊരു പാദങ്ങളെൻ പാദങ്ങൾ!" - **വിണ്ടകാലടികൾ**

*(സ്കോർ 6)*